"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം വിളക്കുപാറ മാതാ എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീ. സന്ദീപ്.വി. നായർ ഫയൽ ചെയ്ത **WP(C)27152/2025** ന്മേൽ ബഹു. ഹൈക്കോടതി യുടെ **28/07/2025** തീയതിയിലെ വിധിന്യായം - നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3174/2026/GEDN തീയതി,തിരുവനന്തപുരം, 08-05-2026

---

പരാമർശം:-

1. സ.ഉ.(കൈ)111/2022/പൊ. വി.വ തീയതി 25/06/2022
2. കൊല്ലം വിളക്കുപാറ മാതാ എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീ. സന്ദീപ് .വി. നായർ 28/06/2025 തീയതിയിലെ ഹർജി(Ext.P13).
3. ബഹു. കേരള ഹൈക്കോടതിയുടെ WP(C)27152/2025 ന്മേലുള്ള 28/07/2025 തീയതി വിധിന്യായം.
4. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24-10-2025 തീയതിയിലെ DEOPLR/1681/2025-B6 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24-10-2025 തീയതിയിലെ ഇടി5/20597/2025/ഡി.ജി.ഇ. നമ്പർ കത്ത്.
6. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27-10-2025 തീയതിയിലെ DDEKLM/3367/2025-B6 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

വിളക്കുപാറ മാതാ എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീ. സന്ദീപ്.വി. നായരുടെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച ഹർജിയിൽ **30.10.2025** തീയതിയിൽ വാദം കേട്ടു.

**2.** പ്രസ്തുത ഹിയറിങ്ങിൽ ഹർജിക്കാരൻ താഴെ പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :

കൊല്ലം ജില്ലയിലെ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വിളക്കുപാറ മാതാഹൈസ്കുളിൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീ സന്ദീപ്. വി.നായർ ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C)27152/2025** നമ്പർ റിട്ട് ഹർജിയിലെ **28/07/2025**-ലെ വിധിന്യായത്തിൽ റിട്ട് ഹർജിയിലെ വസ്തുതകൾ കോടതി

പരിഗണനയിലെടുക്കുകയും ഹർജിക്കാരനായ ശ്രീ.സന്ദീപ്.വി.നായർ സർക്കാർ മുമ്പാകെ സമർപ്പിച്ച എക്സിബിറ്റ് പി13 ഹർജി പരിഗണനയിലെടുത്ത് നാല് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനാണ് കോടതി സർക്കാരിന് നിർദ്ദേശം നല്കി വിധിയായിട്ടുള്ളത്.

ഹർജിക്കാരനായ ശ്രീ. സന്ദീപ്.വി.നായരെ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട വിളക്കുപാറ മാതാഹൈസ്കൂളിൽ മാനേജർ 29/07/2024 പ്രാബല്യത്തിൽ എച്ച്.എസ്.ടി (ഗണിതം) തസ്തികയിൽ നിയമിച്ചു. ഇതേ സ്കൂളിൽ എച്ച്.എസ്.ടി. (ഗണിതം) തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി. ജയശ്രീ.കെ.പി. 31/05/2024-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിലാണ് ഹർജിക്കാരനെ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിൽ നിയമിച്ചത്. ആയതിനാൽ വ്യവസ്ഥാപിത ഒഴിവിലെ നിയമനമായിരുന്നു. വിളക്കുപാറ മാതാ ഹൈസ്കൂൾ 1979-ന് മുമ്പ് സ്ഥാപിതമായ സ്കൂളാണ്. ആയതിനാൽ പുതുതായി തുറന്ന സ്കൂളുകളുടെ ഗണത്തിൽപ്പെടാത്ത ഇത്തരം സ്കുളുകളിൽ റിട്ടയർമെൻ്റ്, പ്രൊമോഷൻ, രാജി, മരണം എന്നിവ മൂലമുണ്ടാകുന്ന റഗുലർ ഒഴിവുകളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 21-ലെ ചട്ടം 7 പ്രകാരം വരുത്തിയ ഭേദഗതി പ്രകാരവും 08/03/2019-ലെ ജെ2/57/2018/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരമുള്ള സർക്കുലറിൻ്റെ അടിസ്ഥാനത്തിലും 1979-ന് മുമ്പ് സ്ഥാപിതമായ സ്കുളുകളിൽ റഗുലർ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതില്ലാത്തതിനാലും നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമായതിനാലും റഗുലർ അടിസ്ഥാനത്തിൽ അംഗീകാരയോഗ്യമാണ്.

1979-ന് മുമ്പ് തുടങ്ങിയ സ്കൂൾ ആയതിനാലും റിട്ടയർമെന്റ് ഒഴിവിലെ നിയമനമായതിനാലും ഹർജിക്കാരൻ എച്ച്.എസ്.ടി.(ഗണിതം) തസ്തികയിൽ നിയമിക്കപ്പെടുന്നതിന് യോഗ്യത നേടിയ ആളായതിനാലും നിയമനം അംഗീകാരയോഗ്യമാണ് എങ്കിലും ഭിന്നശേഷി നിയമന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല എന്ന കാരണത്താൽ മാത്രം ഹർജിക്കാരൻ്റെ റഗുലർ ഒഴിവിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിലാണ് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15/10/2024-ലെ ബി6/766771/2024 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചത്.

പ്രസ്തുത ഉത്തരവിൽ ഹർജിക്കാരനെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമാണെന്നും ഹർജിക്കാരൻ ടി തസ്തികക്ക് ആവശ്യമായ യോഗ്യതകൾ നേടിയിട്ടുള്ളതായും ടിയാൾ നിശ്ചിത പ്രായപരിധിക്കുള്ളിലുള്ളിലാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ഭിന്നശേഷി നിയമന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

എന്ന കാരണത്താൽ മാത്രമാണ് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം അംഗീകരിക്കുന്നതെന്ന് ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

വിളക്കുപാറ മാതാഹൈസ്കുളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ലതാകുമാരി 31/03/2024-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സീനിയർ ഹൈസ്കുൾ മലയാളം അദ്ധ്യാപികയായ ശ്രീമതി. നഫീസത്ത് ബീവിയെ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കുകയും പ്രസ്തുത സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം 01/06/2024 പ്രാബല്യത്തിൽ നിലവിൽ വന്ന പരിണിത എച്ച്.എസ്.ടി.(മലയാളം) തസ്തിക ഭിന്നശേഷി നിയമനത്തിനായി മാനേജർ മാറ്റിവെക്കുകയും ഈ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കൊല്ലം സബ്റീജിയണൽ എംപ്ലോയ്മെന്റ് എക്സേഞ്ച് ഓഫീസർക്ക് റിക്വിസിഷൻ നല്കുകയും പ്രസ്തുത റിക്വിസിഷൻ കൈപ്പറ്റിയതായി കൊല്ലം സബ്റീജിയണൽ എംപ്ലോയ്മെന്റ് എക്സേഞ്ച് ഓഫീസർ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

എന്നാൽ 01/04/2024-ൽ നിലവിൽ വന്ന എച്ച്.എസ്.ടി.(മലയാളം) തസ്തികയിലെ ഒഴിവിലേക്ക് ഭിന്നശേഷി വിഭാഗത്തിൽ നിന്നും യോഗ്യത നേടിയ നിയമനാർത്ഥികളെ മാനേജർക്ക് ലഭ്യമാക്കുന്നതിന് സബ് റീജിയണൽ എംപ്ലോയ്മെൻ്റ് ഓഫീസറിൽ നിന്നുമുള്ള കാലതാമസം മാത്രമാണ് ഭിന്നശേഷി നിയമനം നടത്തുന്നതിനു തടസ്സമായിരിക്കുന്നത്.

ഈ വിഷയത്തിൽ സർക്കാർ സാമൂഹ്യനീതി വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 31/10/2019-ലെ ജി.ഒ.(പി)നം 12/2019/എസ്.ജെ.ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക 4(a)യിൽ ഭിന്നശേഷി നിയമന മാനദണ്ഡങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായുള്ള സംവരണം 3% ൽ നിന്നും 4% മായി ഉയർത്തിയ സാഹചര്യത്തിൽ, നിലവിൽ ഒരു സ്ഥാപനത്തിൽ (സ്കൂളിൽ) ഉണ്ടാകുന്ന ഒഴിവുകളിൽ 1,26,51,76 എന്നീ ടേണുകളിലാണ് ഭിന്നശേഷി നിയമന സംവരണം ഏർപ്പെടുത്തേണ്ടതെന്നും വ്യക്തമാക്കുന്നു. വിളക്കുപാറ മാതാഹൈസ്കൂളിൽ 07/02/1996-ന് ശേഷം 25-ൽ താഴെ ഒഴിവുകളിൽ മാത്രമേ പുതിയ നിയമനങ്ങൾ (ചട്ടം 43.51A,51B അവകാശികളെ ഒഴിവാക്കി) നടത്താൻ കഴിയുകയുള്ളു. ആയതിനാൽ മേൽപ്പറഞ്ഞ 1,26,51,76 എന്നീ ടേണുകളിൽ ആദ്യത്തെ ഒഴിവിൽ ഭിന്നശേഷി നിയമനം നടത്തിക്കഴിഞ്ഞാൽ പിന്നീട് 26-ാ മത്തെ ടേണിൽ മാത്രമേ തുടർന്ന് ഭിന്നശേഷി നിയമനം നടത്തേണ്ടതുള്ളു. ഈ സാഹചര്യത്തിൽ ആദ്യം ഉണ്ടായ എച്ച്.എസ്.എ(മലയാളം) തസ്തികയിലെ ഒഴിവ് തന്നെ മാനേജർ ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ളതും നിയമനത്തിനായി യോഗ്യത നേടിയ നിയമനാർത്ഥിയെ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും പ്രതീക്ഷിച്ചുവരികയുമാണ്.

സർക്കാർ പുറപ്പെടുവിച്ച പരാമർശം (3) ലെ ഉത്തരവിന്റെ രണ്ടാം ഖണ്ഡികയിൽ 4% നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ലോക്കിലും ആദ്യത്തെ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയാറാക്കേണ്ടതും അപ്രകാരം ആദ്യത്തെ തസ്തിക കാഴ്ചപരിമിതർക്കായി മാറ്റിവെക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഈ സാഹചര്യത്തിലാണ് മാനേജർ ആദ്യമുണ്ടായ 01/06/2024 പ്രാബല്യത്തിലുള്ള എച്ച്.എസ്.എ (മലയാളം) തസ്തിക കാഴ്ചപരിമിതർക്കായി നിയമനത്തിനായി വിട്ടുനല്കി പ്രസ്തുത തസ്തികയിലേക്ക് ഭിന്നശേഷി വിഭാഗത്തിൽ നിന്നും യോഗ്യരായ നിയമനാർത്ഥികളെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ റിക്വിസിഷൻ നല്കുകയും ആയതിന് കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുള്ളത്.

24/03/2023-ലെ സ.ഉ.(കൈ)29/2023/പൊ.വി.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 2(i), 2(iii), 2(iv), തുടങ്ങിയ ഖണ്ഡികകളിൽ ഭിന്നശേഷി നിയമനത്തിനായി വിട്ടുനൽകേണ്ട ഒഴിവുകളിൽ നിയമിക്കപ്പെട്ടവരെ താല്ക്കാലികമായി അംഗീകരിക്കാമെന്നും ഭിന്നശേഷി നിയമനാർത്ഥിയെ ലഭ്യമാകുന്ന മുറയ്ക്ക് അത്തരം നിയമനാർത്ഥികളെ താല്ക്കാലികമായി തുടരുന്ന അദ്ധ്യാപകനെ പ്രസ്തുത തസ്തികയിൽ നിന്നും നീക്കി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ പ്രസ്തുത തസ്തികയിൽ നിയമിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു. എന്നാൽ വിളക്കുപാറ മാതാ ഹൈസ്കൂളിൽ എച്ച്.എസ്.എ. (മലയാളം) തസ്തികയാണ് ഭിന്നശേഷി ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിന് റിക്വിസിഷൻ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്. അക്കാരണത്താൽ തന്നെ എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ നിയമിക്കപ്പെട്ട ഹർജിക്കാരനായ ശ്രീ. സന്ദീപ്.വി.നായരെ നിയമിച്ച തസ്തിക ഭിന്നശേഷി നിയമനാർത്ഥിക്കായി ഒഴിഞ്ഞുകൊടുക്കേണ്ടതില്ല. ഭിന്നശേഷി നിയമനാർത്ഥിക്കായി നീക്കി വച്ച എച്ച്.എസ്.എ.(മലയാളം) തസ്തികയിൽ മാത്രമേ ഭിന്നശേഷിക്കാരെ നിയമിക്കേണ്ടതുള്ളു. ഈ വിഷയത്തിൽ 29/03/2021-ലെ ജി.ഒ.(പി)24/2023 നമ്പർ ഉത്തരവിൽ (അനുബന്ധം-8) വ്യക്തത വരുത്തിയിട്ടില്ല. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2(v) ൽ 18/11/2018 മുതൽ മാനേജർ നടത്തിയ നിയമനങ്ങൾ താല്ക്കാലികമായി അംഗീകരിക്കുന്ന വിഷയമാണ് പ്രതിപാദിക്കുന്നത്. ആയതിനാൽ 29/03/2023-ലെ ജി.ഒ.(പി) 24/2023/പൊ.വി.വ നമ്പർ ഉത്തരവിൽ വ്യക്തതയില്ല എന്ന് കാണാവുന്നതാണ്.

എൻ.എസ്.എസ് കോർപ്പറേറ്റ് മാനേജ്മെൻ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLPC No.11373/2024 നമ്പർ കേസ്സിലെ 04/03/2025-ലെ വിധിന്യായത്തിൻ്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 17/03/2025-ലെ ജി.ഒ.(എം.എസ്)43/2025/ജി.ഇഡി.എൻ നമ്പർ ഉത്തരവിൽ

നായർ സർവ്വീസ് കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി തസ്തിക മാറ്റി വെച്ചിട്ടുണ്ട് എന്നും എന്നാൽ എംപ്ലോയ്മെൻ്റ് എക്സേഞ്ചിൽ നിന്നും ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ലഭിക്കാനുള്ള കാലതാമസം കണക്കിലെടുത്ത് മറ്റ് ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശമാണ് സുപ്രീംകോടതി വിധിയ്ക്ക് അനുസൃതമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതെന്നും കാണാവുന്നതാണ്.

എന്നാൽ വിളക്കുപാറ മാതാ ഹൈസ്കൂളിൽ എച്ച്.എസ്.എ (മലയാളം) തസ്തിക 2024-ൽ തന്നെ കൊല്ലം സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സേഞ്ചിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും 16/08/2024-ൽ റിക്വിസിഷൻ ലഭിച്ചിട്ടുള്ളതായി കൈപ്പറ്റ് രസീത് ലഭ്യമായിട്ടുള്ളതുമാണ്. ഹർജിക്കാരനായ ശ്രീ. സന്ദീപ്. വി. നായരെ നിയമിച്ചത് എച്ച്.എസ്.എ.(ഗണിതം) തസ്തികയിലെ റഗുലർ ഒഴിവിലാണ്. ആയതിനാൽ എംപ്ലോയ്മെന്റ് എക്സേഞ്ചിൽ നിന്നും ഭിന്നശേഷി നിയമനാർത്ഥി എച്ച്.എസ്.എ.(മലയാളം) തസ്തികയിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ ഹർജിക്കാരനെ നിയമിച്ച എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ നിന്നും ടിയാളെ നീക്കേണ്ട ആവശ്യം 29/03/2023-ലെ ജി.ഒ.(പി)24/2023/പൊ.വി.വ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ഉദിക്കുന്നില്ല.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഹർജിക്കാരനായ ശ്രീ. സന്ദീപ്.വി. നായരുടെ എച്ച്.എസ്.എ.(ഗണിതം) തസ്തികയിലെ 29/07/2024 പ്രാബല്യത്തിലുള്ള നിയമനം അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി കോടതിവിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

3. ഈ വിഷയത്തിന്മേലുള്ള പൊതു വിദ്യാഭ്യാസ അധികാരികളുടെ അഭിപ്രായം ഇപ്രകാരം ആയിരുന്നു :

വിളക്കുപാറ മാതാ എച്ച്.എസ്-ലെ എച്ച്.എസ്.റ്റി.(ഗണിതം) ശ്രീമതി. ജയശ്രീ.കെ.പി, 31/05/2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീ.സന്ദീപ് വി.നായർ-നെ, 29/07/24 മുതൽ എച്ച്.എസ്.ടി.(ഗണിതം) ആയി മാനേജർ നിയമിച്ചു. ടി സ്ക്കൂളിൽ 2024-25 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഒരു എച്ച്.എസ്.ടി.(ഗണിതം) തസ്തിക അനുവദിച്ചിട്ടുണ്ട്. വിരമിക്കൽ ഒഴിവിലേക്കുള്ള നിയമനം ആയതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ 01/11/2023 ലെ പൊ.വി.വ-ജെ.ആർ 1/502/2023-

പൊ.വി.വ. കത്ത് പ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ, റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നൽകാതിരുന്നതിന്റെ കാരണമെങ്കിൽ ആയത് കണക്കിലെടുക്കാതെ, **19/10/2023** ലെ കോടതിയലക്ഷ്യ കേസ് നമ്പർ **Con. Case(C) No. 2014/2023 in WA/1725/2022** ന്മേൽ ഉള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ **08/11/2021** നു ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമാണെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകാൻ നിർദേശിച്ചിട്ടുണ്ട്. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. സന്ദീപ്. വി.നായർ-നെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതം ആയതിനാലും, നിയമനാർത്ഥി ടി തസ്തികക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളതിനാലും, നിശ്ചിത പ്രായപരിധിക്കുള്ളിൽ നടത്തിയിട്ടുള്ള നിയമനം ആയതിനാലും പ്രസ്തുത മാനേജ് മെന്റിൽ ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്നതിന് വിധേയമായും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു: കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിയ്ക്കും വിധേയമായി പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ **B6/766771/2024** തീയതി **15/10/2024** ഉത്തരവ് നമ്പർ പ്രകാരം **29-07-2024** മുതൽ ടി നിയമനം ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

മാതാ എച്ച്.എസ് വിളക്കുപാറയിൽ ഭിന്നശേഷി സംവരണം പാലിച്ച് കാറ്റഗറി **-2** വിഭാഗത്തിൽ നിയമനം നടത്തുന്നതിനായി ടി സ്കൂളിലെ എച്ച്.എസ്.റ്റി.( മലയാളം) ശ്രീമതി.നബീസത്ത്.ബീവി-യെ ടി സ്കൂളിലെ ടിച്ചർ-ഇൻ-ചാർജ് ആയി നിയമിച്ചപ്പോൾ ഉണ്ടായ ഒഴിവ് മാറ്റി വച്ച് കൊല്ലം സബ് റീജിയണൽ എംപ്ലോയ്മെൻ്ററ് ഓഫീസിൽ റിക്വിസിഷൻ നൽകി കൈപ്പറ്റ് രസീത് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ **10/07/2025, 05/08/2025** എന്നീ തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടർ കാര്യാലയത്തിൽ നിന്നുള്ള ഡി.ജി.ഇ/**13618/2025-H2-Part(1)** നമ്പർ സർക്കുലറുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീകരിക്കുകയും, മാനേജർമാർ സമന്വയ ലോഗിൻ വഴി ഭിന്ന ശേഷിക്കായി മാറ്റി വച്ചിട്ടുള്ള ഒഴിവുകൾ ജില്ലാ തല സമിതിക്ക് സ്മനയ ലോഗിൻ വഴി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദേശ പ്രകാരം നാളിതുവരെയായി മാനേജർ സമന്വയ ലോഗിൻ വഴി മാറ്റിവച്ചിട്ടുള്ള ഒഴിവ് സ്ഥിരീകരണത്തിനായി റിപ്പോർട്ട് ചെയ്തിട്ടില്ല. മാത്രവുമല്ല ടി ഒഴിവിൽ ഭിന്ന ശേഷി ഉദ്യോഗാർഥിയെ നിയമിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ശ്രീ. സന്ദീപ്.വി.നായരുടെ നിയമനം ശമ്പള സ്കെയിലിൽ റഗുലർ ആയി അംഗീകരിക്കാൻ വ്യവസ്ഥയുള്ളൂ എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

4. സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിളക്കുപാറ മാതാ എച്ച്.എസ്-ലെ എച്ച്.എസ്.ടി.(ഗണിതം) ശ്രീമതി. ജയശ്രീ.കെ.പി. 31.05.2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീ. സന്ദീപ്.വി.നായർ -നെ 29.07.2024 മുതൽ എച്ച്.എസ്.ടി.(ഗണിതം) ആയി മാനേജർ നിയമിച്ചു. ഈ സ്കൂളിൽ 2024-25 തസ്തിക നിർണ്ണയ ഉത്തരവുപ്രകാരം ഒരു എച്ച്.എസ്.ടി.(ഗണിതം) തസ്തിക അനുവദിച്ചിട്ടുണ്ട് എന്നതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിരുന്നു. പ്രസ്തുത മാനേജ്മെൻ്റിൽ ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്നതിന് വിധേയമായും ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിക്കും വിധേയമായി ശ്രീ. സന്ദീപ് വി. നായരുടെ നിയമനം 29.07.2024 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്.

വിളക്കുപാറ മാതാ എച്ച്.എസ്-ൽ ഭിന്നശേഷി സംവരണംപാലിച്ച് കാറ്റഗറി -2 വിഭാഗത്തിൽ നിയമനം നടത്തുന്നതിനായി ടി സ്കൂളിലെ എച്ച്.എസ്.ടി.(മലയാളം) ശ്രീമതി. നബീസത്ത് ബീവിയെ ടി സ്കൂളിലേക്ക് ടീച്ചർ-ഇൻ-ചാർജായി നിയമിച്ചപ്പോഴുണ്ടായ ഒഴിവ് മാറ്റിവച്ച് കൊല്ലം സബ് റീജിയണൽ എംപ്ലോയ്മെൻറ് ഓഫീസിൽ റിക്വിസിഷൻ നൽകി കൈപ്പറ്റി രസീത് സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനതല ജില്ലാതല, ജില്ലാ തല സമിതികൾ രൂപീകരിക്കുകയും, മാനേജർമാർ സമന്വയ ലോഗിൻ വഴി ഭിന്നശേഷിക്കായി മാറ്റി വെച്ചിട്ടുള്ള ഒഴിവുകൾ ജില്ലാതല സമിതിക്ക് സമന്വയ ലോഗിൻ വഴി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തപ്പോൾ മാനേജർ സമന്വയ ലോഗിൻ വഴി മാറ്റിവെച്ചിട്ടുള്ള ഒഴിവ് സ്ഥിരീകരണത്തിനായി റിപ്പോർട്ട് ചെയ്യാൻ തയ്യാറായില്ല എന്നതാണ് നിലവിൽ ശ്രീ. സന്ദീപ് വി. നായരുടെ നിയമനം ശമ്പള സ്കെയിലിൽ റഗുലറായി അംഗീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്നത്.

മാനേജർ സമന്വയ ലോഗിൻ വഴി ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവ് റിപ്പോർട്ട് ചെയ്യാൻ തയ്യാറാകാത്തത് എന്താണ് എന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാൻ ഹിയറിംങ് സമയത്ത് ഹർജിക്കാരൻ തയ്യാറായില്ല.

ഈ സാഹചര്യത്തിൽ മാനേജർ സമന്വയ ലോഗിൻ വഴി ഭിന്നശേഷിക്കായി മാറ്റിവെച്ച ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് വിളക്കുപാറ മാതാ എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീ. സന്ദീപ്.വി. നായരുടെ നിയമനം ഒഴിവ് വ്യവസ്ഥാപിതമാണോ എന്ന് ഉറപ്പുവരുത്തി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, 29.07.2024 മുതൽ ശമ്പള സ്കെയിലിൽ അംഗീകരിക്കാൻ

പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്രകാരം കൊല്ലം വിളക്കുപാറ മാതാ എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഗണിതം) ശ്രീ. സന്ദീപ്.വി. നായർ ഫയൽ ചെയ്ത പരാമർശം (3) ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീ സന്ദീപ്. വി.നായർ, എച്ച്.എസ്.ടി (ഗണിതം),വിളക്കുപാറ മാതാ എച്ച്.എസ്, കൊല്ലം
മാനേജർ, വിളക്കുപാറ മാതാ എച്ച്.എസ്, കൊല്ലം
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 11-05-2026 18:09:38